## Std. 6 - Chapter 2 - Revision - Main points

# പാഠം 2 : ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 1 | സ്നാപകയോഹന്നാൻ എവിടെയാണ് അനുതാപത്തിന്റെ മാമ്മോദീസാ നൽകിയിരുന്നത്? | ജോർദ്ദാൻ നദീതീരത്താണ് സ്നാപകയോഹന്നാൻ അനുതാപത്തിന്റെ മാമ്മോദീസാ നൽകിയിരുന്നത്. |
| 2 | ഈശോ സ്നാപകയോഹന്നാന്റെ അടുത്തേക്ക് വന്നത് എന്തിനാണ്? | സ്നാപകയോഹന്നാനിൽനിന്ന് മാമ്മോദീസാ സ്വീകരിക്കാനാണ് ഈശോ അദ്ദേഹത്തിന്റെ അടുത്തേക്ക് വന്നത്. |
| 3 | ഈശോയ്ക്ക് മാമ്മോദീസാ നൽകുന്നതിൽ സ്നാപകയോഹന്നാൻ എന്തുകൊണ്ട് വിസമ്മതിച്ചു? | താൻ ഈശോയിൽനിന്നാണ് മാമ്മോദീസാ സ്വീകരിക്കേണ്ടതെന്നും, ഈശോ തന്റെ അടുത്തേക്ക് വരുന്നത് ഉചിതമല്ലെന്നും കരുതിയതിനാലാണ് യോഹന്നാൻ വിസമ്മതിച്ചത്. |
| 4 | ഈശോ മാമ്മോദീസാ സ്വീകരിക്കുന്നതിന്റെ കാരണം എന്തായിരുന്നു? | "ഇപ്പോൾ ഇത് സമ്മതിക്കുക. അങ്ങനെ സർവനീതിയും പൂർത്തിയാക്കുക നമുക്ക് ഉചിതമാണ്" എന്ന് ഈശോ പറഞ്ഞു. ദൈവഹിതം പൂർണ്ണമായി നിറവേറ്റുന്നതിനാണ് ഈശോ മാമ്മോദീസാ സ്വീകരിച്ചത്. (മത്തായി 3:15) |
| 5 | ഈശോയുടെ മാമ്മോദീസായ്ക്കുശേഷം എന്താണ് സംഭവിച്ചത്? | സ്വർഗം തുറക്കപ്പെട്ടു. ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ ഈശോയുടെ മേൽ ഇറങ്ങിവന്നു. സ്വർഗത്തിൽനിന്ന് പിതാവിന്റെ സ്വരം കേട്ടു. (മത്തായി 3:1617) |
| 6 | മാമ്മോദീസാസമയത്ത് പിതാവായ ദൈവം ഈശോയെക്കുറിച്ച് എന്ത് സാക്ഷ്യം നൽകി? | "ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന് പിതാവായ ദൈവം സാക്ഷ്യം നൽകി. (മത്തായി 3:17) |
| 7 | **1. ഈശോയെക്കുറിച്ച് സ്നാപകയോഹന്നാൻ നൽകിയ സാക്ഷ്യം എന്തായിരുന്നു?** | "ഇതാ, ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണ്; കാരണം, എനിക്കു മുമ്പുതന്നെ അവനുണ്ടായിരുന്നു" എന്ന് സ്നാപകയോഹന്നാൻ സാക്ഷ്യം നൽകി. (യോഹന്നാൻ 1:2930) |
| 8 | "ദൈവത്തിന്റെ കുഞ്ഞാട്" എന്ന വിശേഷണം ഈശോയ്ക്ക് നൽകിയത് ആര്? | സ്നാപകയോഹന്നാനാണ് ഈശോയെ "ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്ന് വിശേഷിപ്പിച്ചത്. (യോഹന്നാൻ 1:29) |
| 9 | "ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്നതിന്റെ അർത്ഥമെന്ത്? | മനുഷ്യരുടെ പാപങ്ങൾക്ക് പരിഹാരമായി കാൽവരിയിൽ സ്വയം ബലിയർപ്പിക്കാനെത്തിയ രക്ഷകനാണ് ഈശോ എന്നതാണ് ഇതിന്റെ അർത്ഥം. |
| 10 | **2. ഈശോയുടെ ജ്ഞാനസ്നാനം എന്തിനെയാണ് സൂചിപ്പിക്കുന്നത്?** | മനുഷ്യപാപങ്ങൾക്ക് പരിഹാരമായി കാൽവരിയിൽ ഈശോ അർപ്പിക്കാനിരുന്ന ബലിയെയും അവിടുത്തെ മഹത്വപൂർണ്ണമായ ഉത്ഥാനത്തെയും ഈശോയുടെ ജ്ഞാനസ്നാനം സൂചിപ്പിക്കുന്നു. |

| No. | ചോദ്യം | ഉത്തരം |
| --- | --- | --- |
| 11 | **3. ഈശോയുടെ മാമ്മോദീസാവേളയിൽ ത്രിത്വരഹസ്യം എങ്ങനെയാണ് വെളിപ്പെട്ടത്?** | പുത്രനായ ഈശോ മാമ്മോദീസാ സ്വീകരിച്ചു; പിതാവായ ദൈവം സ്വർഗത്തിൽനിന്ന് "ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന് സാക്ഷ്യം നൽകി ; പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഈശോയുടെ മേൽ ഇറങ്ങിവന്നു. (മത്തായി 3:1617) |
| 12 | പരിശുദ്ധ ത്രിത്വം എന്നത് എന്താണ്? | പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് വ്യക്തികളിലുള്ള ഏകദൈവമാണ് പരിശുദ്ധ ത്രിത്വം. |
| 13 | പരിശുദ്ധ ത്രിത്വരഹസ്യം നമ്മുടെ വിശ്വാസജീവിതത്തിൽ എന്തുകൊണ്ട് പ്രധാനമാണ്? | നമ്മുടെ സൃഷ്ടിയിലും രക്ഷയിലും പവിത്രീകരണത്തിലും പ്രവർത്തിക്കുന്നത് പരിശുദ്ധ ത്രിത്വമാണ്. അതിനാൽ പരിശുദ്ധ ത്രിത്വരഹസ്യം നമ്മുടെ വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും കേന്ദ്രമാണ്. |
| 14 | "മിശിഹാ" എന്ന വാക്കിന്റെ അർത്ഥമെന്താണ്? | "അഭിഷേകം ചെയ്യപ്പെട്ടവൻ" എന്നാണ് "മിശിഹാ" എന്ന വാക്കിന്റെ അർത്ഥം. |
| 15 | ഈശോ എങ്ങനെയാണ് മിശിഹായായത്? | പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായതിനാലാണ് ഈശോ മിശിഹാ എന്നു വിളിക്കപ്പെടുന്നത്. |
| 16 | മാമ്മോദീസാ സ്വീകരിക്കുമ്പോൾ നാം ആരുടെ നാമത്തിലാണ് മാമ്മോദീസാ സ്വീകരിക്കുന്നത്? | പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് നാം മാമ്മോദീസാ സ്വീകരിക്കുന്നത്. |
| 17 | മാമ്മോദീസായിലൂടെ നാം ഈശോയുടെ ഏത് രഹസ്യത്തിലാണ് പങ്കുചേരുന്നത്? | ഈശോയുടെ മരണത്തിലും ഉത്ഥാനത്തിലും നാം പങ്കുചേരുന്നു. |
| 18 | മാമ്മോദീസായിലൂടെ നമുക്ക് ലഭിക്കുന്ന ആത്മീയ ഫലങ്ങൾ എന്തെല്ലാം? | ഈശോയോടുകൂടെ പാപത്തിന് മരിക്കാനും പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെടാനും പരിശുദ്ധ ത്രിത്വത്തോടുകൂടെ ജീവിക്കാനും നാം വിളിക്കപ്പെട്ടിരിക്കുന്നു. |
| 19 | വിശുദ്ധ പൗലോസ് ശ്ലീഹാ ത്രിത്വരഹസ്യം എങ്ങനെ ആശംസിക്കുന്നു? | "കർത്താവായ ഈശോമിശിഹായുടെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ" എന്ന് വിശുദ്ധ പൗലോസ് ആശംസിക്കുന്നു. (2 കൊറിന്തോസ് 13:13) |
| 20 | ദനഹാ തിരുനാൾ എന്നാണ് ആഘോഷിക്കുന്നത്? | ജനുവരി 6ാം തീയതിയാണ് ദനഹാ തിരുനാൾ ആഘോഷിക്കുന്നത്. |
| 21 | ദനഹാ എന്ന വാക്കിന്റെ അർത്ഥമെന്താണ്? | "സൂര്യോദയം", "പ്രത്യക്ഷീകരണം" എന്നീ അർത്ഥങ്ങളാണ് സുറിയാനി ഭാഷയിലെ "ദനഹാ" എന്ന വാക്കിനുള്ളത്. |
| 22 | ദനഹാക്കാലം ആരംഭിക്കുന്നത് എപ്പോഴാണ്? | ദനഹാ തിരുനാൾ ദിനത്തിൽ ആരാധനാക്രമവത്സരത്തിലെ മൂന്നാമത്തെ കാലമായ ദനഹാക്കാലം ആരംഭിക്കുന്നു. |
| 23 | ദനഹാക്കാലത്തെ ധ്യാനവിഷയം എന്താണ്? | മാമ്മോദീസായിൽ ആരംഭിക്കുന്ന ഈശോയുടെ പരസ്യജീവിതമാണ് ദനഹാക്കാലത്തെ പ്രധാന ധ്യാനവിഷയം. |

| No. | ചോദ്യം | ഉത്തരം |
|---|---|---|
| 24 | ദനഹാക്കാലത്ത് നാം അനുസ്മരിക്കുന്ന രക്ഷാകരരഹസ്യങ്ങൾ ഏതെല്ലാം? | പരിശുദ്ധ ത്രിത്വം, ഈശോയുടെ ദൈവപുത്രത്വം, ഈശോയുടെ ദൈവമനുഷ്യ സ്വഭാവങ്ങൾ, അവിടുത്തെ സ്വയംശൂന്യവത്കരണം, പരസ്യജീവിതം എന്നിവയാണ് ദനഹാക്കാലത്ത് നാം അനുസ്മരിക്കുന്നത്. |
| 25 | ദനഹാക്കാലത്തിന്റെ പ്രത്യേകത എന്താണ്? | പ്രകാശമായ മിശിഹായുടെ സാക്ഷികളായ വിശുദ്ധരുടെ തിരുനാളുകൾ ഈ കാലത്ത് സഭ ആഘോഷിക്കുന്നു. അവർ തങ്ങളുടെ ജീവിതത്തിലൂടെ ഈശോയുടെ പ്രകാശത്തിലേക്കും ത്രിത്വകൂട്ടായ്മയിലേക്കും മനുഷ്യരെ നയിച്ചു. |
| 26 | "ഈശോ ലോകത്തിന്റെ പ്രകാശമാണ്" എന്ന് എങ്ങനെ മനസ്സിലാക്കാം? | അന്ധകാരത്തിൽ കഴിയുന്ന മനുഷ്യർക്ക് രക്ഷയുടെയും സത്യത്തിന്റെയും പ്രകാശമായി വന്നവനാണ് ഈശോ. "ഇരുട്ടിൽ ഇരുന്ന ജനങ്ങൾ വലിയൊരു പ്രകാശം കണ്ടു" എന്ന പ്രവചനം ഈശോയിൽ പൂർത്തിയായി. (മത്തായി 4:16) |
| 27 | **4. സീറോ മലബാർ സഭയിൽ ദനഹാതിരുനാളിനോടനുബന്ധിച്ച് ഉണ്ടായിരുന്ന രണ്ട് ആചാരങ്ങൾ ഏതെല്ലാം?** | ദനഹാതിരുനാളിൽ വാഴപ്പിണ്ടിയിൽ ദീപങ്ങൾ കൊണ്ട് അലങ്കരിച്ച് "ഏൽപ്പയാ" പാടി അതിനു പ്രദക്ഷിണം വയ്ക്കുന്ന ആചാരവും, പൂർവികർ പ്രത്യേക ജലാശയങ്ങളിൽ മാമ്മോദീസാ നടത്തിയിരുന്ന ആചാരവുമാണ്. |
| 28 | ദനഹാക്കാലത്തെ വെള്ളിയാഴ്ചകളിൽ സഭ ആരുടെ തിരുനാളുകൾ ആഘോഷിക്കുന്നു? | പ്രകാശമായ മിശിഹായ്ക്കുവേണ്ടി ജീവിതം സമർപ്പിച്ച് സാക്ഷ്യം വഹിച്ച വിശുദ്ധരുടെ തിരുനാളുകളാണ് ദനഹാക്കാലത്തെ വെള്ളിയാഴ്ചകളിൽ സഭ ആഘോഷിക്കുന്നത്. |
| 29 | സ്നാപകയോഹന്നാൻ ഈശോയെ എങ്ങനെയാണ് ലോകത്തിന് വെളിപ്പെടുത്തിയത്? | "ഇതാ, ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" എന്ന് സാക്ഷ്യം നൽകി ഈശോയെ സ്നാപകയോഹന്നാൻ ലോകത്തിന് വെളിപ്പെടുത്തി. (യോഹന്നാൻ 1:29) |
| 30 | **5. ദനഹാക്കാലത്ത് നാം അനുസ്മരിക്കുന്ന രക്ഷാകരരഹസ്യങ്ങൾ ഏതെല്ലാം?** | പരിശുദ്ധ ത്രിത്വം, ഈശോയുടെ ദൈവപുത്രത്വം, ഈശോയുടെ ദൈവമനുഷ്യ സ്വഭാവങ്ങൾ, അവിടുത്തെ സ്വയംശൂന്യവത്കരണം, പരസ്യജീവിതം എന്നിവയാണ് ദനഹാക്കാലത്ത് അനുസ്മരിക്കുന്നത്. |